2. എം.എൻ. കുഞ്ഞുകൃഷ്ണൻ, ജൂനിയർ സുപ്രണ്ട്, താലൂക്ക് ഓഫീസ്, മാനന്തവാടി.

3. ശ്രീ. എ.കെ. മുഹമ്മദ്കോയ, ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ്, മാനന്തവാടി.

4. ശ്രീ. കെ.വി. സത്യൻ, യു.ഡി. ക്ളാർക്ക്, താലൂക്ക് ഓഫീസ്. മാനന്തവാടി.

എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ട്.

73 (597) പേരിയ വില്ലേജിലെ അനധികൃത മരംമുറിക്കൽ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ പേരിയവില്ലേജിലെ സർവ്വേ നമ്പർ 88/1-3 ൽ നിന്ന് അനധികൃതമായി മരം മുറിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു വിലയ്ക്കുള്ള മരങ്ങളാണ് മുറിച്ചത്;

(സി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഏകദേശം 1.20 കോടി വിലയുള്ള 431 മരങ്ങൾ

(സി) ഈ വിഷയത്തെ കുറിച്ച് അറിവ് ലഭിച്ച ഉടൻതന്നെ അന്വേഷണം നടത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. അതിനുശേഷം റവന്യൂ സെക്രട്ടറിയെ വിശദമായ അന്വേഷണത്തിന് ചുമതലപ്പെടുത്തി റവന്യൂ സെക്രട്ടറിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കളക്ടറെ സ്ഥലം മാറ്റുകയും മറ്റ് ആറ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ചെയ്തു. റവന്യൂ സെക്രട്ടറിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

74 (598) ടാറ്റാ കമ്പനി കൈവശം വച്ചിരിക്കുന്ന വനഭൂമി

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാറ്റാ ടീ കമ്പനി മൂന്നാറിൽ 50,000 ഏക്കറോളം വനഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായ കൈവശഭൂമി ഇതിനകം അളന്നുതിട്ടപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എത്ര ഏക്കർ വനഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൈവശഭൂമി അളന്നു തിട്ടപ്പെടുത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(സി),ഡി) ഇത്തരം ഒരു പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് പരിശോധിച്ച് വരുന്നു.

75 (599) വട്ടോളി എസ്റ്റേറ്റിലെ മരം മുറിക്കൽ

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ പേരിയ വില്ലേജിലെ വട്ടോളി എസ്റ്റേറ്റുമായി ബന്ധപ്പെട്ട ഭൂമിയിൽ നിന്നും മുറിച്ച മരം കടത്തിക്കൊണ്ടുപോകുന്നത് മാനന്തവാടി സബ് കളക്ടർ തടഞ്ഞുവോ;

(ബി) മരം കടത്തുന്നത് സബ് കളക്ടർ തടഞ്ഞിട്ടും അത് കടത്തിക്കൊണ്ട് പോയ സാഹചര്യം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തടഞ്ഞു

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 30-3-2000-ൽ 7833/2000-ാം നമ്പർ ഒ.പി. യിലെ വിധിന്യായം അനുസരിച്ച് മുറിച്ചിട്ട മരം വിട്ടുകൊടുക്കുവാൻ ഉത്തരവായതിന്റെ വെളിച്ചത്തിലാണ് മരം കടത്തിക്കൊണ്ട് പോകാൻ ശ്രമം നടന്നത്. മരം കടത്തിക്കൊണ്ട് പോയിട്ടില്ല.

76 (600) കിസ്തു കുടിശ്ശിക ജപ്തി ചെയ്ത കളക്ടർക്ക് നിയമസഹായം നൽകാത്ത സംഭവം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എ.കെ. മണി :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ കളക്ടർ നടത്തിയ ജപ്തിയെ തുടർന്നുണ്ടായ കോടതി അലക്ഷ്യകേസിൽ ഗവൺമെന്റ് ഭാഗത്തുനിന്നും കളക്ടർക്ക് നിയമസഹായം നൽകാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു ജില്ലാ കളക്ടറുടെ കാര്യത്തിലാണ് ഇപ്രകാരം സംഭവിച്ചത്;

(സി) പ്രസ്തുത കളക്ടർക്ക് ഗവൺമെന്റ് നിയമസഹായം നൽകാതിരുന്നെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ)&-(സി) ഇത്തരം സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly